(എ) കോഴിക്കോട് നഗരത്തിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(ബി) ഞെളിയൻപറമ്പിലെ മാലിന്യ സംസ്കരണം അവസാനിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ പകരം എന്തു സംവിധാനമാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(സി) കോഴിക്കോട് കോർപ്പറേഷനിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് 300 ടി.പി.സി. കപ്പാസിറ്റിയുള്ള മാലിന്യങ്ങൾ ജൈവ വളമാക്കുന്ന യൂണിറ്റ് മെ. എക്സൽ ഇൻഡസ്ട്രിയുമായി ചേർന്ന് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതി മൂന്നു ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടം ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നടത്തേണ്ട സിവിൽ പ്രവൃത്തികളാണ്. ഇതിന്റെ ആദ്യപടിയായി കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങളും ചണ്ടികളും നീക്കം ചെയ്യുന്ന പ്രവൃത്തി നടത്തിക്കഴിഞ്ഞു. ഇതിനു ശേഷം പ്ലാന്റ് കെട്ടിടത്തിനാവശ്യമായ ഫൗണ്ടേഷൻ പ്രവൃത്തിയിൽ പൈൽ ഫോർമേഷനിൽ ഇതിനകം 88 പൈലുകൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ടം മെഷിനറി സ്ഥാപിക്കുന്ന പ്രവൃത്തിയാണ്. ആയതിന് എക്സൽ ഇൻഡസ്ട്രിയുമായി ധാരണപത്രം ഒപ്പുവച്ചു കഴിഞ്ഞു. മെഷിനറി സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ എത്രയുംവേഗം നടപ്പിലാക്കുവാൻ നഗരസഭ നടപടികളെടുത്തുവരുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടെ ഞെളിയൻപറമ്പിൽ ഇപ്പോൾ നടക്കുന്ന മാലിന്യസംസ്കരണം അവസാനിപ്പിക്കാനാകും.

111 (613) വൃക്ഷങ്ങൾ മുറിച്ചു മാറ്റാനുള്ള നടപടിക്രമം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥലങ്ങളിൽ കെട്ടിടത്തിന്റെ മുകളിൽ ചാഞ്ഞ് അപകടകരമായി നിലയിൽ കാണപ്പെടുന്ന വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വൃക്ഷം ഒരു വ്യക്തിയുടെ സ്വകാര്യ സ്ഥലത്ത് ആണെങ്കിൽ അത് മുറിച്ചു മാറ്റുന്നതിന് എന്താണ് നടപടിക്രമം എന്ന് വ്യക്തമാക്കുമോ;

(സി) പൊതു സ്ഥലത്താണെങ്കിൽ എന്താണ് നടപടിക്രമം;

(ഡി) അപകടകരമായ വൃക്ഷം മുറിച്ചു മാറ്റുന്നതിന് ആർക്കാണ് പരാതി നൽകേണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കേരള പഞ്ചായത്ത് രാജ് ആക്റ്റ് 238-ാം വകുപ്പ് പ്രകാരം വൃക്ഷങ്ങളിൽ നിന്നും അപകടം ഉണ്ടാകുവാൻ ഇടയുണ്ടെന്ന് ഗ്രാമപഞ്ചായത്ത് കരുതുന്ന പക്ഷം ഗ്രാമപഞ്ചായത്തിന് അതിൽ നിന്നും എന്തെങ്കിലും അപകടം ഉണ്ടാകുന്നത് തടയുന്നതിലേക്കായി നോട്ടീസ് മൂലം ടി വൃക്ഷത്തിന്റെ ഉടമസ്ഥനോട് ടി വൃക്ഷം ഉറപ്പിച്ച് നിർത്തുകയോ വെട്ടിക്കളയുകയോ ചെയ്യുന്നതിന് ആവശ്യപ്പെടാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 28.6.1991-ലെ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന്

1. മരങ്ങൾ മുറിക്കുന്നതിന് മുൻപു തന്നെ മരങ്ങൾ മുറിക്കണമോ വേണ്ടയോ എന്ന് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിർദ്ദേശം വാങ്ങിക്കേണ്ടതാണ്.

2. മുറിക്കാൻ അനുവാദം നൽകുന്ന മരങ്ങളുടെ/വിൽക്കാൻ ഉദ്ദേശിക്കുന്ന തടികളുടെ വ്യാപ്തം, വില എന്നിവ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെക്കൊണ്ട് നിർണ്ണയിപ്പിക്കേണ്ടതാണ്.

(ഡി) ഗ്രാമപഞ്ചായത്തിനാണ് പരാതി നൽകേണ്ടത്.

112 (614) ചപ്പുചവറുകൾ സംസ്കരിക്കാൻ നടപടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ ചപ്പുചവറുകൾ സംസ്കരിക്കാൻ ആവശ്യമായ പദ്ധതിയുടെ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കാൻ വേണ്ടി എന്തെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

113 (615) കയർസഹകരണ സംഘങ്ങൾക്ക് നൽകുന്ന ധനസഹായം

ശ്രീ. ബി. വിജയകുമാർ :

ശ്രീ. പാലോട് രവി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം കയർ സഹകരണ സംഘങ്ങൾക്ക് ജില്ലാ പഞ്ചായത്ത് ധനസഹായം നൽകി;

(ബി) എന്തു തുക വീതമാണ് ധനസഹായം നൽകിയത്;

(സി) ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം എന്തായിരുന്നു;

(ഡി) സഹായം നൽകാത്ത മറ്റു കയർ സഹകരണസംഘങ്ങൾക്ക് സഹായം നൽകാതിരിക്കാനുള്ള കാരണമെന്ത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) സഹകരണ സംഘത്തിന്റെ പേര്	അനുവദിച്ച തുക
1. കടയ്ക്കാവൂർ സിവിസിഎസ് 3055	12,000 രൂപ
2. മേൽകടയ്ക്കാവൂർ സിവിസിഎസ് 623	10,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly